# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) യുപിഐ വഴി നടത്തുന്ന വ്യക്തിഗത ഇടപാടുകൾക്ക് യാതൊരുവിധ ചാർജുകളും ഈടാക്കില്ലെന്ന് വ്യക്തമാക്കി കേന്ദ്ര സർക്കാർ.

**The Finance Ministry has clarified that there will be no charges for person-to-person (P2P) UPI transactions, irrespective of the amount transferred.**

2) സമാധാനവും വികസനവുമാണ് ഇന്ത്യൻ നയതന്ത്രത്തിലെ പ്രധാന അജണ്ടയെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

**External Affairs Minister S. Jaishankar stated that peace and development are the key agendas of Indian diplomacy.**

3) രാജ്യത്ത് 15 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 55.6 ശതമാനമായി ഉയർന്നതായി കേന്ദ്ര സർക്കാർ.

**The Ministry of Statistics and Programme Implementation has said that the overall Labour Force Participation Rate for persons aged 15 years and above has increased to 55.6 percent.**

4) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ രൂപരേഖ തയാറാക്കുന്നതിനായുള്ള വട്ടമേശ സമ്മേളനത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവഹിക്കും.

**A round-table conference to prepare the blueprint for development projects announced in the state budget begins today in Thiruvananthapuram. Chief Minister V.D. Satheesan will inaugurate the event.**

5) ഓസോൺ പാളിയുടെ സംരക്ഷണം ഉറപ്പാക്കുക ഹാനികരമായ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യവുമായി ഇന്ന് ലോക ഓസോൺ ദിനം.

**World Ozone Day is being observed today with the aim of ensuring the protection of the ozone layer and reducing the use of harmful substances.**

6) **അഫ്ഗാനിസ്ഥാനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. രണ്ടാം മത്സരത്തിൽ അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തിയത് ഏഴ് വിക്കറ്റിന്.**

**India has won the T20 cricket series against Afghanistan, defeating them by seven wickets in the second match.**

## GOVT – UPI (INTRO)

യുപിഐ വഴി നടത്തുന്ന വ്യക്തിഗത ഇടപാടുകൾക്ക് തുക എത്രയായാലും യാതൊരുവിധ ചാർജുകളും ഈടാക്കില്ലെന്ന് വ്യക്തമാക്കി കേന്ദ്ര സർക്കാർ. വ്യാപാരികൾക്ക് നൽകുന്ന 2,000 രൂപ വരെയുള്ള ഇടപാടുകളും ചെറുകിട വ്യാപാരികൾക്കായുള്ള സീറോ മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ചട്ടക്കൂടിന് കീഴിൽ വരുന്ന ഇടപാടുകളും സൗജന്യമായി തുടരുമെന്നും ധന മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേയ്ക്ക്........**

**(വോയ്സ്)**

2,000 രൂപയ്ക്ക് മുകളിലുള്ള നിർദ്ദിഷ്ട വ്യാപാരി ഇടപാടുകൾക്ക് മാത്രമേ എംഡിആർ ബാധകമാകൂയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു . എംഡിആർ എന്നത് സർക്കാരോ നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയോ പിരിക്കുന്ന നികുതിയോ ചാർജോ അല്ലെന്നും യുപിഐ സംവിധാനത്തിന്റെ പ്രവർത്തനത്തിനും വികാസത്തിനും പിന്തുണ നൽകുന്നതിനായി ബാങ്കുകളും പേയ്മെന്റ് ആപ്പ് സേവനദാതാക്കളും ഉൾപ്പെടുന്ന പങ്കാളികൾക്കിടയിലാണ് ഇത് വീതിച്ചു നൽകുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി. പരിഷ്കരിച്ച യുപിഐ എംഡിആർ ചട്ടക്കൂട് അടുത്ത മാസം 15 മുതൽ പ്രാബല്യത്തിൽ വരുമെന്ന് എൻപിസിഐ അറിയിച്ചു. ആകെ ശേഖരിക്കുന്ന എംഡിആറിന്റെ 5 ശതമാനം ഉപയോഗിച്ച് ചെറുകിട വ്യാപാരികൾക്കിടയിൽ യുപിഐ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കും. 2,000 രൂപയ്ക്ക് മുകളിലുള്ള P2M ഇടപാടുകൾക്ക് 0.4 ശതമാനം നാമമാത്രമായ എംഡിആർ ചുമത്തും. എന്നാൽ 75,000 രൂപയോ അതിനു മുകളിലോ ഉള്ള വലിയ ഇടപാടുകൾക്ക് പരമാവധി എംഡിആർ 300 രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.......**

## MEA- BRIEFING

ന്യൂഡൽഹിയിൽ നടന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡൻറ് ഷി ജിൻപിംഗും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ നിരവധി വിഷയങ്ങൾ ചർച്ചയായതായി വിദേശകാര്യ മന്ത്രാലയം. പരസ്പര ബഹുമാനവും, താൽപ്പര്യവും,

സംവേദനക്ഷമതയും മുൻനിർത്തി ഇരു രാജ്യങ്ങളുടെയും ആശങ്കകൾ കൈകാര്യം ചെയ്യണമെന്ന് പ്രധാനമന്ത്രി ചൈനീസ് പ്രസിഡൻറിനോട് ആവശ്യപ്പെട്ടതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## JAISHANKAR - ICWA (INTRO)

സമാധാനവും വികസനവുമാണ് ഇന്ത്യൻ നയതന്ത്രത്തിലെ പ്രധാന അജണ്ടയെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. സംഘർഷങ്ങളുടെ ഈ ലോകത്ത് ഇന്ത്യയുടെ ഉയർച്ച അനിവാര്യമാണ്. ഡൽഹിയിൽ നടന്ന ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദശകത്തിൽ രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥയിലും ശേഷിയിലുമുണ്ടായ വളർച്ച, ആഗോളതലത്തിൽ വലിയ സ്വാധീനം ചെലുത്തിയതായി അദ്ദേഹം വ്യക്തമാക്കി.
(വോയിസ്.........)

## INDIA-US JOINT EXERCISE

ഇന്ത്യ-യുഎസ് സംയുക്ത സൈനിക അഭ്യാസ പ്രകടനമായ 'യുദ്ധ് അഭ്യാസി'ന്റെ 22-ാമത് പതിപ്പിന് ഉത്തരാഖണ്ഡിലെ ഔലിയിൽ തുടക്കമായി. ഇരു സേനകളും തമ്മിലുള്ള സംയുക്ത പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പുതിയ വെല്ലുവിളികളെ നേരിടുന്നതിനും, ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് ഈ സൈനിക അഭ്യാസം ലക്ഷ്യമിടുന്നത്. പർവത മേഖലകളിലെ പോരാട്ടങ്ങൾക്ക് പ്രത്യേക സേനയെ സജ്ജമാക്കുക എന്നതാണ് ഈ അഭ്യാസ പ്രകടനത്തിന്റെ പ്രധാന ലക്ഷ്യം.

## MoSPI- SURVEY

രാജ്യത്ത് 15 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരുടെ ആകെ തൊഴിൽ പങ്കാളിത്ത നിരക്ക് ഈ വർഷം ആഗസ്റ്റിൽ 55.6 ശതമാനമായി ഉയർന്നതായി സ്ഥിതിവിവരക്കണക്ക്, പദ്ധതി നിർവ്വഹണ മന്ത്രാലയം അറിയിച്ചു. ജൂലൈയിൽ ഇത് 55.4 ശതമാനമായിരുന്നു. മന്ത്രാലയത്തിന്റെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെ ആഗസ്റ്റിലെ പ്രതിമാസ ബുള്ളറ്റിൻ അനുസരിച്ച്, ഗ്രാമീണ മേഖലകളിലും സമാനമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ ആകെ തൊഴിൽ പങ്കാളിത്ത നിരക്കിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.

## SPECIAL CAMPAIGN- PORTAL

സർക്കാർ ഓഫീസുകളിൽ സമ്പൂർണ്ണ ശുചിത്വ സംസ്കാരം ഉറപ്പാക്കുന്നതിനായി, അടുത്ത മാസം 2 മുതൽ കേന്ദ്ര സർക്കാർ പ്രത്യേക പ്രചാരണം ആരംഭിക്കും. ഒക്ടോബർ 31 വരെ തുടരുന്ന പ്രചാരണ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള വെബ് പോർട്ടൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പൗരകേന്ദ്രീകൃത പ്രവർത്തനങ്ങൾ, ഇ-വേസ്റ്റ് ശേഖരണം, തരംതിരിക്കൽ, സംസ്കരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് പ്രചാരണം.

## CATCH THE RAIN

'ജൽ സഞ്ചയ് ജൻ ഭാഗിദാരി - ക്യാച്ച് ദി റെയിൻ' ക്യാമ്പയിന് വേണ്ടി തയ്യാറാക്കിയ പ്രത്യേക ഗാനം കേന്ദ്ര ജൽ ശക്തി മന്ത്രാലയം പുറത്തിറക്കി. പ്രശസ്ത ഗായകനും സംഗീതസംവിധായകനുമായ ശങ്കർ മഹാദേവനാണ് ഗാനം ആലപിച്ചത്.

## SEWA SNAKALP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്ത് ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കുമെന്ന് ബിജെപി. നാളെ മുതൽ ഒക്ടോബർ 17 വരെയാണ് പരിപാടികൾ സംഘടിപ്പിക്കുകയെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

## REIMAGINING KERALAM

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയാറാക്കുന്നതിനായി 'റീഇമാജിനിംഗ് കേരളം' എന്ന പേരിൽ സംഘടിപ്പിക്കുന്ന വട്ടമേശ സമ്മേളനത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് ഇന്ന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. ബജറ്റ് നിർദേശങ്ങളെ കൃത്യമായ പ്രവർത്തന പദ്ധതികളാക്കി മാറ്റുകയാണ് 18-ാം തീയതി വരെ നടക്കുന്ന സമ്മേളനത്തിൻറെ ലക്ഷ്യം.

## OZONE DAY

ഇന്ന് ലോക ഓസോൺ ദിനം. ഓസോൺ പാളിക്ക് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട ചരിത്രപ്രധാനമായ 'മോൺട്രിയൽ പ്രോട്ടോക്കോളിൽ' രാജ്യങ്ങൾ ഒപ്പുവെച്ചതിന്റെ ഓർമ്മക്കായാണ് സെപ്റ്റംബർ 16 ഓസോൺ ദിനമായി തിരഞ്ഞെടുത്തത്.1994 മുതൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയാണ് സെപ്റ്റംബർ 16 ലോക ഓസോൺ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. **ഭൂമിയെ തണുപ്പിക്കാൻ ആഗോള പ്രവർത്തനം** എന്നതാണ് ഈ വർഷത്തെ പ്രമേയം.

## SWACHH SAGAR

സ്വച്ഛസാഗർ സുരക്ഷിതസാഗർ പ്രചരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ ഈ മാസം 19 ന് ശുചീകരണ യജ്ഞം നടക്കും. കുടുംബശ്രീ അംഗങ്ങൾ, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എൻ.സി.സി., എൻ.എസ്.എസ് വിദ്യാർത്ഥികൾ ശുചീകരണ യജ്ഞത്തിൽ പങ്കെടുക്കും. തിരുവനന്തപുരം കോവളം ബീച്ചിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പ്രചാരണത്തിന്റെ ഭാഗമായി ഓസോൺ ദിനത്തോടനുബന്ധിച്ച് ഇന്നും വിവിധ ബീച്ചുകളിൽ ശുചീകരണ പരിപാടികൾ നടക്കും.

## YELLOW ALERT (INTRO)

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാപകമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. സംസ്ഥാനത്ത് ഇന്ന് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.
**(വോയ്സ്)**

## CRICKET - IND VS AFG

അഫ്ഗാനിസ്ഥാനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക് . ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ ഇന്നലെ രാത്രി നടന്ന രണ്ടാം മത്സരത്തിൽ അഫ്ഗാനിസ്ഥാനെ ഏഴ് വിക്കറ്റിന് തകർത്താണ് ഇന്ത്യ പരമ്പരസ്വന്തമാക്കിയത് .അഫ്ഗാനിസ്ഥാൻ ഉയർത്തിയ 160 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ, 14.5 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 163 റൺസെടുത്ത് അനായാസം ലക്ഷ്യം മറികടന്നു . 22 പന്തിൽ 57 റൺസ് നേടിയ മലയാളി താരം സഞ്ജു സാംസണാണ് ഇന്ത്യയുടെ ടോപ് സ്കോറർ.

പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ നടക്കും.

## SAUDI-HOUTHI

ഹൂതി ആക്രമണ സാധ്യത കണക്കിലെടുത്ത് സൗദി അറേബ്യയിലെ മക്ക, ജിദ്ദ, തായിഫ് എന്നിവിടങ്ങളിൽ സിവിൽ ഡിഫൻസ് വിഭാഗം അടിയന്തര മുന്നറിയിപ്പുകൾ പുറപ്പെടുവിച്ചു. ചെങ്കടലിലെ സൗദിയുടെ പ്രധാന എണ്ണ കയറ്റുമതി കേന്ദ്രമായ യാൻബു ഉൾപ്പെടെയുള്ള ആറ് നഗരങ്ങളിലും മുന്നറിയിപ്പുകൾ നൽകുകയും പിന്നീട് പിൻവലിക്കുകയും ചെയ്തിരുന്നു. ഗൾഫ് മേഖലയിൽ വാണിജ്യ കപ്പലുകളെയും നാവികരെയും ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്ന് ഇന്ത്യ വ്യക്തമാക്കി. ചെങ്കടലിലെ സംഘർഷ സാഹചര്യത്തിലും ഇന്ത്യ ആശങ്ക പ്രകടിപ്പിച്ചു.

## NEPAL - DEATH TOLL

നേപ്പാളിലെ പ്രളയബാധിത ജില്ലകളിൽ നിന്ന് കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തതോടെ പ്രളയക്കെടുതിയിൽ മരിച്ചവരുടെ എണ്ണം 1,399 ആയി ഉയർന്നു. കാണാതായ 5,170-ഓളം ആളുകൾക്കായുള്ള തിരച്ചിലും രക്ഷാപ്രവർത്തനവും സംയുക്ത സുരക്ഷാ സേന ഇപ്പോഴും തുടരുകയാണ്. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് ഇതുവരെ ആകെ 13,742 പേരെ രക്ഷപ്പെടുത്തിയതായി അധികൃതർ വ്യക്തമാക്കി.കഴിഞ്ഞ ഓഗസ്റ്റ് 26-നാണ് ദുരന്തം ഉണ്ടായത്.

## ISRAEL AIR STRIKE

ഗാസയിലുണ്ടായ ഇസ്രായേൽ വ്യോമാക്രമണങ്ങളിൽ രണ്ട് കുട്ടികളും ഒരു ഹമാസ് സായുധ കമാൻഡറും ഉൾപ്പെടെ അഞ്ച് ഫലസ്തീനികൾ കൊല്ലപ്പെട്ടതായി ഹമാസ് വൃത്തങ്ങൾ അറിയിച്ചു. പ്രദേശത്ത് ഒരു തീവ്രവാദിയെ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം വ്യക്തമാക്കിയിരുന്നു. മറ്റൊരു ആക്രമണത്തിൽ ഒരു കുട്ടിയടക്കം രണ്ട് പലസ്തീനികൾ കൊല്ലപ്പെടുകയും ഏഴ് പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

## YAMUNA RIVER

യമുനാ നദിയുടെ പുനരുജ്ജീവനത്തിനായി കിഷൗ ബഹുമുഖ അണക്കെട്ട് പദ്ധതിയുടെ കരാറിൽ ആറ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഒപ്പുവെച്ചു. ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, ഹരിയാന, രാജസ്ഥാൻ,

ഡൽഹി എന്നിവരാണ് ഒപ്പുവെച്ചത്. കിഷൗ പദ്ധതിയെ കേന്ദ്രസർക്കാർ ഒരു ദേശീയ പദ്ധതിയായി പ്രഖ്യാപിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. പദ്ധതിയുടെ സാമ്പത്തിക ബാധ്യതയുടെ 90 ശതമാനത്തോളം കേന്ദ്രസർക്കാർ വഹിക്കുമെന്നും, ബാക്കി 10 ശതമാനം പങ്കാളികളായ സംസ്ഥാനങ്ങൾ വഹിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.S